



# കുടുംബമാധ്യമം

ലക്കം: 415 2013 ജനുവരി 18 വെള്ളി kudumbam@madhyamam.com




**തീൻമേശ വഴി അസുഖങ്ങളും അധിനിവേശവും നാടിനെ കീഴ്പ്പെടുത്താനൊരുങ്ങുമ്പോൾ, മണ്ണിൽ കാലുറപ്പിച്ചു ചെറുത്തുനിൽക്കാൻ ധീരത കാണിക്കുന്നു ഒരു കൂട്ടം ഗ്രാമീണർ. കല്ലടിക്കോടൻ മലയോരത്തെ മാച്ചാന്തോടുകാർ നടത്തുന്ന നിശ്ശബ്ദ വിപ്ലവത്തെക്കുറിച്ച്...**

# കറിവേപ്പില കൊണ്ടൊരു ചെറുത്തുനിൽപ്പ്

•ഫോട്ടോ വി.കെ. ശമീം

**സവാദ് റഹ്മാൻ**

കറിവേപ്പില എടുത്തു കളയാതെ ഭക്ഷണത്തിനൊപ്പം ചവച്ചരച്ചു തിന്നണമെന്നും 'കാര്യം കഴിഞ്ഞപ്പോൾ കറിവേപ്പില പോലെ 'എന്ന പഴഞ്ചൊല്ല് അബദ്ധമാണെന്നും പതിവായി പറയുമായിരുന്നു ആയുർവേദാചാര്യൻ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട്. സന്ദർശകരോടും വായനക്കാരോടും ഇലയുടെ മാഹാത്മ്യങ്ങൾ എമ്പാടും നിരത്തി അദ്ദേഹം. ഏറെ ഔഷധമൂല്യമുള്ള കറിവേപ്പില പതിവാക്കിയാൽ തന്നെ ഒരുപാട് രോഗങ്ങളിൽ നിന്ന് കാവൽകിട്ടുമെന്നായിരുന്നു വൈദ്യമതം.

പക്ഷേ, ഇന്ന് വിപണിയിൽ കിട്ടുന്ന കറിവേപ്പിലയാണ് ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതെങ്കിൽ സൗഖ്യമല്ല എണ്ണമറ്റ മാരകരോഗങ്ങളാവും കൂടെയെത്തുക. കേരളത്തിലേക്ക് പച്ചക്കറിയെത്തുന്ന തേമ്പാളയത്തെ തോട്ടങ്ങളിൽ കറിവേപ്പിലച്ചെടികളെ 'വിഷസേചനം' ചെയ്യുന്ന ഭീകര കാഴ്ച കാണിച്ചു തന്നത് മാധ്യമസുഹൃത്ത് സാജ് കുര്യനാണ്. ലോകത്തെ ഏറ്റവും അപകടകരമെന്ന് എണ്ണപ്പെടുന്ന 12 കൊടുംവിഷങ്ങളിലൊന്നായ നുവാക്രോണിൽ കുളിപ്പിച്ചാണ് മേട്ടുപ്പാളയം ചന്തവഴി കറിവേപ്പില നമ്മുടെ അങ്ങാടികളിലേക്കെത്തിക്കുന്നത്. കാസർക്കോട്ടെ എൻമകജെക്കും പാലക്കാട്ടെ മുതലമടക്കും പിന്നാലെ കേരളത്തിലെ ഓരോ തീൻമേശകളും മാരകമായ വിഷകൃഷിയുടെ കുരുതിക്കല്ലുകളായി മാറുന്ന ഭീതിദമായ അവസ്ഥ.

അസുഖങ്ങളും അധിനിവേശവും അടുക്കള വഴി നാടിനെ കീഴ്പ്പെടുത്താനൊരുങ്ങുമ്പോൾ വിഷമേതായാലും വിശപ്പുമാറിയാൽ മതി എന്ന് തോറ്റുകൊടുക്കുന്നു നമ്മൾ. എന്നാൽ, തെറ്റായ കൃഷിരീതികളോടും വിപണി തന്ത്രങ്ങളോടും രാജിയാവുകയല്ല മണ്ണിൽ കാലുറപ്പിച്ചു നിൽക്കുകയാണ് വേണ്ടതെന്ന പ്രതിരോധത്തിൻെറ ആദ്യചുവട് ചൊല്ലിത്തരുന്നു പാലക്കാട് ജില്ലയിലെ മാച്ചാന്തോട് ഗ്രാമക്കാർ. ഈ ഉപഭോക്തൃ സംസ്ഥാനത്തിൻെറ ചെറുത്തു നിൽപ്പിൻെറ പ്രതീകം കറിവേപ്പിലയാണ് എന്ന് തിരിച്ചറിഞ്ഞ് അവർ നടത്തുന്ന നിശ്ശബ്ദ മുന്നേറ്റം കേരളം ഏറ്റെടുക്കേണ്ട ഒന്നാണ്.

## ഇലവാട്ട മരുന്ന് കരൾ വാട്ടുമ്പോൾ

ഉപ്പും മുളകും പോലെത്തന്നെ നമ്മുടെ ആഹാരശീലത്തിൻെറ ഭാഗമായ കറിവേപ്പില മുമ്പ് ഏതാണ്ടെല്ലാ തൊടിയിലുമുണ്ടായിരുന്നു. ഇല്ലെന്നിരിക്കട്ടെ, അയൽപക്ക സൗഹൃദം കൊണ്ട് സമ്പന്നരായിരുന്ന നമ്മൾ ഒരു പിടി കറിവേപ്പില വാങ്ങാൻ അടുത്ത വീട്ടിലേക്കോടുമായിരുന്നു. പക്ഷേ, ഇന്ന് വീടുകളിൽ കറിവേപ്പില വിരളമായി. പട്ടണങ്ങളിലേതു പോലെ ഗ്രാമങ്ങളിലും കറിവേപ്പില കടയിൽ നിന്ന് വാങ്ങേണ്ട ഉൽപന്നമായി.

തികച്ചും കാർഷികാധിഷ്ഠിത ഗ്രാമമായ മാച്ചാന്തോട്ടിലെ കൊച്ചു കടകളിൽ പോലും നൂറുകിലോ കറിവേപ്പിലയാണ് ആഴ്ച തോറും കൊണ്ടുവന്നിറക്കുന്നത്. സ്വന്തം വിയർപ്പു വീണ മണ്ണിൽ നിന്ന് കൊയ്ത് കഴിക്കുന്നവർ എന്ന് വിശ്വസിച്ചിരുന്ന ഞങ്ങളുടെ ഗ്രാമത്തിൽ ഇതാണവസ്ഥയെങ്കിൽ പട്ടണങ്ങളിലെയും നഗരങ്ങളിലെയും കാര്യം പറയേണ്ടതില്ലല്ലോ –'വീട്ടിലൊരു കറിവേപ്പ്' എന്ന പരിശ്രമത്തിന് തുടക്കമിട്ട കൽപക സ്വയം സഹായ സംഘത്തിൻെറയും ഹരിത ഫാർമേഴ്സ് ക്ലബിൻെറയും ഭാരവാഹികൾ വിശദീകരിക്കുന്നു.

ഒരു രൂപക്ക് ഒരു കെട്ട് കിട്ടുമെന്നതിനാൽ ഇതിൻെറ സാമ്പത്തിക വശം ആരുമത്ര കാര്യമാക്കാറില്ല, പോരെങ്കിൽ കടകളിൽ ചില്ലറക്ക് പകരമായും കറിവേപ്പില നൽകുന്ന രീതി വന്നതോടെ അടുക്കളത്തൊടിയിൽ നിന്നിത് ഏറക്കുറെ അപ്രത്യക്ഷമായി. മേട്ടുപ്പാളയത്തും സേലത്തുമെല്ലാം കൃഷിയുമായും കച്ചവടവുമായും ബന്ധപ്പെട്ട് പോകുന്ന ഇവർക്കറിയാം അവിടുത്തെ വിഷപ്രയോഗത്തെപ്പറ്റി. ഇല പെട്ടെന്ന് കൂട്ടി വാടാതിരിക്കാൻ പ്രയോഗിക്കുന്ന മരുന്നുകൾ നമ്മുടെ കരളാണു വാട്ടുന്നത് എന്ന് തിരിച്ചറിഞ്ഞതു കൊണ്ട് വിഷമുക്ത വേപ്പില ഇനി ഒട്ടും വൈകിക്കൂടെന്ന് തീരുമാനിച്ചുറപ്പിക്കുകയായിരുന്നു മാച്ചാന്തോടുകാർ.



•വാള അമരി

•അടതാപ്പ്

•പുളിവെണ്ട

•നെയ് കുമ്പളം

അങ്ങനെ കഴിഞ്ഞ ജൈവവൈവിധ്യ ദിനത്തിൽ കറിവേപ്പില പദ്ധതിക്ക് തുടക്കമായി. പ്രദേശത്തെ വീടുകളിലെല്ലാം തൈ എത്തിയെന്നും നട്ടുവെന്നും ഉറപ്പുവരുത്തി. കറിവേപ്പില ഉപയോഗിച്ച് തയാറാക്കുന്ന നാട്ടുമരുന്നുകളും വൈവിധ്യമാർന്ന ചമ്മന്തിപ്പൊടികളും പരിചയപ്പെടുത്താനും പരിപാടിയുണ്ട്. നുവാക്രോണും എൻഡോസൾഫാനുമടിക്കാത്ത ഇല കാണാൻ ലേശം ചന്തം കുറവാണെങ്കിലും കറികളുടെ രുചിയിപ്പോൾ പത്തിരട്ടി വർധിച്ചു. കഴിക്കുന്നവരുടെ മനഃസമാധാനവും. കർഷക സുഹൃത്തുക്കളിൽ നിന്ന് കേട്ടറിഞ്ഞ് അയൽ ഗ്രാമക്കാരും അന്യജില്ലക്കാരും തൈകൾ ആവശ്യപ്പെടുന്നുണ്ടിപ്പോൾ. അടുത്ത ദിവസങ്ങളിലായി മറ്റു പ്രദേശങ്ങളിലെത്തിക്കാൻ 2000 തൈകൾ ഒരുക്കുന്ന തിരക്കിലാണ് ഹരിത ക്ലബ് പ്രവർത്തകർ.

കറിവേപ്പില നടീലിൽ മാത്രമൊതുങ്ങുന്നില്ല ഇവരുടെ ഹരിതാന്വേഷണങ്ങൾ. കീടനാശിനികളും രാസവസ്തുക്കളും ഉപയോഗിക്കാതെയുള്ള കൃഷി രീതി പ്രചരിപ്പിക്കാൻ അടിത്തട്ടുമുതലുള്ള പരിശ്രമങ്ങൾ ഇവിടെ നടക്കുന്നു. തച്ചമ്പാറ പഞ്ചായത്തിലെ 11, 12 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന ഈ നാട്ടിലെ വീടുകളിലെല്ലാം ഉണക്ക ഇലയും ചാണകവും ചാരവും വളമായിട്ട് അടുക്കളത്തോട്ടങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. വീടിനു മുറ്റമില്ലാത്തവർ പോലും പാത്രങ്ങളിലും ടെറസിലും പച്ചക്കറി വിളയിക്കുന്നു. 200 വീടുകൾക്കാവശ്യമായ വിവിധ ഇനം വിത്തുകൾ കൽപക സമിതി സൗജന്യമായി നൽകി. ഏറ്റവും നല്ല തോട്ടത്തിന് സമ്മാനവും ഏർപ്പെടുത്തി.

സ്ട്രോബറിയും കോളിഫ്ലവറും കാബേജുമെല്ലാം വിജയകരമായി വിളയിച്ചെങ്കിലും നാടിനും പ്രകൃതിക്കുമിണങ്ങുന്ന നാടൻ ഇനങ്ങളെ പ്രോത്സാഹിപ്പിക്കാനും വ്യാപിപ്പിക്കാനുമാണ് ഇവരുടെ തീരുമാനം. ദശപുഷ്പങ്ങളും വിവിധ ഇനം ചീരകളുമെല്ലാം ഇവർ ശേഖരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഒഴിവു കിട്ടുമ്പോൾ ഏതെങ്കിലുമൊരു കർഷകൻെറ വീട്ടുമുറ്റത്ത് തച്ചമ്പാറ കൃഷി ഓഫിസർ സാജിദ് അലിയുടെ നേതൃത്വത്തിൽ എല്ലാവരും ഒരുമിച്ചിരുന്ന് കൃഷി അറിവുകൾ പങ്കുവെക്കുന്നു, സ്വന്തം മുറ്റത്തെ വിളവുകൾ അയൽക്കാരുമായി പങ്കുവെച്ച് പരസ്പരം സമ്മാനിതരും സംതൃപ്തരുമാകുന്നു ഈ നാട്ടുകാർ.

## നന്മയുടെ വിത്തുകൾ നല്ല നാളേക്ക്

അടതാപ്പ്, നെയ്കുമ്പളം, പുളിവെണ്ട, നിത്യവഴുതന, മണിത്തക്കാളി, വാള അമരി... പുതിയ തലമുറ കേട്ടിട്ടുപോലുമുണ്ടാവില്ല ഈ പേരുകൾ. പക്ഷേ, ഒരു കാലത്ത് നമ്മുടെ മെനുവിലെ നിത്യസാന്നിധ്യമായിരുന്നു ഈ വിളകൾ. വരത്തൻ വിത്തുകളും വിളകളും വന്നപ്പോൾ സാവധാനം വേരറ്റുപോയി ഇവയിൽ പലതും. Air Pototo വിഭാഗത്തിൽ പെടുന്ന അടതാപ്പ് ഏതാനും ദശകം മുമ്പു വരെ മലയാളിയുടെ പ്രിയ ഭക്ഷണമായിരുന്നു, കാച്ചിൽ പോലെ പടർന്നു വളരുന്ന ഈ കിഴങ്ങ് അന്നജം, പ്രോട്ടീൻ, കാത്സ്യം എന്നിവയാൽ സമ്പുഷ്ടവുമാണ്. ഉരുളക്കിഴങ്ങ് വ്യാപകമായതോടെ പേരിനു പോലും കാണാനാവാത്ത വിധം അപ്രത്യക്ഷമായ ഈ വിളയെ തിരിച്ചു കൊണ്ടുവരുന്നതിലും മാച്ചാന്തോടിൻെറ കൈയൊപ്പുണ്ട്. അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ വിളകളും വിത്തുകളും സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന അതിജീവനം എന്ന പദ്ധതി വഴിയാണ് ഹരിത ക്ലബ് പ്രവർത്തകർ അടതാപ്പിനെ മടക്കി കൊണ്ടുവന്നത്. സന്ധികളിൽ ഫ്ലൂയിഡ് കുറഞ്ഞ് ശരീരവേദന അനുഭവിക്കുന്നവർക്കും പ്രമേഹരോഗികൾക്കുമുള്ള ഔഷധവുമാണിത്.

കൂശ്മാണ്ഡ രസായനം നിർമിക്കാനും വാത-പിത്ത രോഗങ്ങൾക്ക് മരുന്നായും ഉപയോഗിച്ചിരുന്ന നെയ്കുമ്പളമാണ് ഈ നാട്ടുകാർ തിരിച്ചു പിടിച്ച മറ്റൊരു അപൂർവ ഔഷധഫലം. ക്ലബ് പ്രവർത്തകരായ മാത്യു വർഗീസും ഉബൈദുല്ല എടായിക്കലും വിജയകുമാറും കാട്ടിലും മേട്ടിലും അന്വേഷിച്ചു നടന്നാണ് വിത്തുകൾ പലതും സംഭരിച്ചത്. ഇവ ആവശ്യക്കാർക്ക് സൗജന്യമായി കൈമാറാനും ഇവർക്കു സന്തോഷം.

പഴമക്കാർക്കൊപ്പം മണ്ണടിഞ്ഞുപോയ നാട്ടറിവുകൾ ശേഖരിക്കാനും പുനരുജ്ജീവിപ്പിക്കാനും ഇവർ ശ്രമം ആരംഭിച്ചിട്ടുണ്ട്. കൂമ്പ് ചീഞ്ഞ വാഴ വെട്ടി നശിപ്പിക്കുന്നതിനു പകരം മുറിച്ച് തൈരു ചേർത്ത് കെട്ടിവെച്ചാൽ ആരോഗ്യം വീണ്ടെടുക്കുമെന്ന് കാർഷിക വൃത്തിയിലെ കാരണവന്മാരിലൊരാൾ ഇവർക്കു കൈമാറിയ നാട്ടറിവുകളിലൊന്ന്.

സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിക്കുമ്പോൾ ബേക്കറി പലഹാരങ്ങളുടെ പൊങ്ങച്ചപ്പെട്ടികൾക്കു പകരം വിത്തുകളോ ഔഷധതൈകളോ ഉപഹാരമായി കൊണ്ടുപോകുന്ന സംസ്കാരം വ്യാപകമാക്കിയാൽ ഉപകാരപ്രദമായ ഒരു ചെടിയും അന്യംനിൽക്കില്ല എന്ന് ഇവർ വിശ്വസിക്കുന്നു.

നാടുനീങ്ങിത്തുടങ്ങിയ പാലക്കാടൻ പൈതൃക ചിഹ്നമായ കരിമ്പനകൾ പാതയോരങ്ങളിൽ വ്യാപകമായി നട്ടുപിടിപ്പിക്കാനും ഇവർ ആരംഭിച്ചിട്ടുണ്ട്. കൃഷിയിടങ്ങൾ കണ്ടും കൃഷി വിശേഷങ്ങൾ ചോദിച്ചറിഞ്ഞും യാത്രപറഞ്ഞിറങ്ങാൻ നേരം രണ്ടു തരം വാള അമരിയുടെ വിത്തുകൾ കൈയിൽ വെച്ചുതന്ന് ഉബൈദുല്ല പറഞ്ഞു –ഈ വിത്തുകൾ എവിടെയെങ്കിലും കുത്തിയിട്ട് മുളപ്പിച്ച് കഴിക്കുക, ശകലം ബുദ്ധിമുട്ടേണ്ടിവന്നേക്കും, പക്ഷേ ഈ നിറത്തിലും വലിപ്പത്തിലുമുള്ള ഗുളികകൾ വാങ്ങി വിഴുങ്ങേണ്ട ബുദ്ധിമുട്ട് ഉണ്ടാവില്ലെന്നുറപ്പ്.

●

*•കടപ്പാട്: എസ്.എം. നൗഫൽ, വി.എ. നിഅ്മത്തുല്ല, ഷാജഹാൻ നാട്ടുകൽ (സി.എസ്.ഇ മാധ്യമ ഫെലോഷിപ്പിനു കീഴിൽ തയാറാക്കിയത്)*

---

സ്വകാര്യം

**എച്ച്മുക്കുട്ടി**

# നീറിയൊടുങ്ങിയിട്ടും വിചാരണ ചെയ്യപ്പെടുന്നവർ

**കോടതിമുറികളിൽ കേസ് ജയിക്കാൻ വേണ്ടി അർധ സത്യങ്ങളും അസത്യങ്ങളും വിളിച്ചുപറയുന്നതും എതിർകക്ഷിയെ നിലം പരിശാക്കി കൊലവിളിക്കുന്നതും വക്കീലിൻെറ ജോലിയായിരിക്കാം. എന്നാൽ, കേസ് കോടതിമുറിയിലെത്തും മുമ്പുതന്നെ അതിക്രൂരമായ ബലാത്സംഗത്തിൽ മരണപ്പെട്ട ആ പെൺകുട്ടി ഇനിയും ഇതുപോലെയുള്ള നീച വിചാരണകൾ നേരിടേണ്ടതുണ്ടോ?**

ബലാൽക്കാരം ചെയ്യപ്പെടുന്നവർ അങ്ങനെയാണ്. അവർ മരിച്ചു പോയാലും (ദില്ലിയിലെ പെൺകുട്ടി) ഉമിത്തീ പോലെ കെടാതെ നീറിയാലും (രാജസ്ഥാനിലെ ബൻവാരിദേവി) അനവധി കാലം (ഏകദേശം 40 വർഷം) ബോധമില്ലാതെ ആശുപത്രിക്കിടക്കയിൽ ചത്തു ജീവിച്ചാലും (മുംബൈയിലെ അരുണാ ഷാൻബാഗ്) അവരെ സമൂഹം വിചാരണ ചെയ്യും. ഓരോ നിമിഷവും അപമാനിക്കും. അവരുടെ നൊമ്പരങ്ങളെ പറ്റി അശ്ലീലം മണക്കുന്ന കഥകൾ പറയും. എന്നിട്ടാർത്തു ചിരിക്കും.

കഴിഞ്ഞമാസം ദില്ലിയിൽ സംഭവിച്ച ചോര മരവിപ്പിക്കുന്ന നിത്യവേദനക്കും ഇപ്പോൾ ഇക്കാര്യം തന്നെയാണ് നേരിടേണ്ടി വരുന്നത്. ആ ക്രൂര കർമത്തിനു ശേഷം, കാലങ്ങളായി സ്ത്രീകൾ സഹിക്കുന്ന ബലാത്സംഗമെന്ന അക്രമത്തിനെതിരെ നീതിക്കു വേണ്ടി ദില്ലിയിൽ നിരന്തരമായ സമരങ്ങൾ നടന്നു. പൊലീസും ഭരണകർത്താക്കളും സാധാരണ ജനതയുടെ സമരത്തെ ആവുന്നത്ര പരിഹസിക്കുകയും നിസ്സാരമാക്കുകയും ചെയ്തു. എന്നിട്ടും ചില ചെറിയ നേട്ടങ്ങൾ ഉണ്ടായി. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെ നേരിടാൻ ഫാസ്റ്റ് ട്രാക് കോടതികളും വേഗ വിചാരണകളും വേണമെന്ന് നമ്മുടെ പരമോന്നത നീതിപീഠത്തിനു മനസ്സിലായി. അമർത്തി ഒതുക്കി വെച്ചിരുന്ന ചില സ്ത്രീപീഡന കേസുകളെ പൊടി തട്ടിയെടുത്ത് തീർപ്പു കൽപിക്കണമെന്നും സുപ്രീംകോടതി തീരുമാനിച്ചു. പൊലീസുകാരും മറ്റു ഉദ്യോഗസ്ഥരും മാധ്യമങ്ങളും സ്ത്രീ പ്രശ്നങ്ങളെ കൂടുതൽ അനുഭാവപൂർണമായി സമീപിക്കണമെന്ന് നിർദേശങ്ങളുണ്ടായി. ബലാൽക്കാരത്തിനുള്ള ശിക്ഷ എന്താവണമെന്നതിനെപ്പറ്റി ചൂടൻ ചർച്ചകൾ നടന്നു.

എന്നാൽ, ഇതെല്ലാം കണ്ട് ആരും ചെറുതായിട്ട് പോലും രോമാഞ്ചം കൊള്ളേണ്ടതില്ലെന്നും സ്ത്രീയെ നിസ്സാരയാക്കിത്തീർക്കുന്ന മൂല്യങ്ങൾക്ക് ഒരു വ്യതിയാനവും സംഭവിച്ചിട്ടില്ലെന്നും തന്നെയാണ് ഇപ്പോഴും കാര്യങ്ങളുടെ യൂടേണിലുള്ള പോക്ക് കാണിച്ചുതരുന്നത്. നീറിയൊടുങ്ങിപ്പോയ ദില്ലിയിലെ ആ പെൺകുട്ടിക്കു നേരെ മത്സരിച്ചു വിരൽ ചൂണ്ടുന്നതിൽ കഴിഞ്ഞ കുറച്ചുദിവസങ്ങളായി ചില മത-രാഷ്ട്രീയ നേതാക്കന്മാരും ആത്മീയ ഗുരുക്കന്മാരും പെൺശരീരം മാത്രമുള്ള ചില എക്സിക്യൂട്ടിവുകളും ഞാൻ ആദ്യം ഞാൻ ആദ്യം എന്ന് തിക്കിത്തിരക്കുകയായിരുന്നു. മതവും രാഷ്ട്രീയവും ആത്മീയതയുമൊന്നും സ്ത്രീയുടെ പ്രശ്നങ്ങളെ ഒരു സാമൂഹികപ്രശ്നമായി ഒരു കാലത്തും കണ്ടിട്ടില്ലല്ലോ. ഇവരെല്ലാം പരിചയപ്പെടുത്തുന്ന ജീവിത സാഹചര്യങ്ങൾ മാത്രമാണ് സത്യമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള സ്ത്രീ പുരുഷന്മാർക്കും സ്ത്രീയുടെയും ദുർബലരുടെയും പാർശ്വവത്കൃതരുടെയും പ്രശ്നങ്ങൾ ഗുരുതരമായി അനുഭവപ്പെടുകയില്ല. അതു പോലെയുള്ളവരുടെ വരിയിൽ ഇപ്പോൾ കുറ്റവാളികളെന്ന് പറയപ്പെടുന്നവരുടെ വക്കാലത്തുള്ള വക്കീലുമാരും ഹാജരായിരിക്കുന്നു.

വക്കീലുമാർക്ക് അവരവരുടെ കക്ഷികളെ ജയിപ്പിക്കേണ്ട ബാധ്യതയുണ്ടാവാം. അതിനാവശ്യമായ അരങ്ങൊരുക്കലാവാം വക്കീലുമാർ ചെയ്തത്. മരിച്ചുപോയ ആ പെൺകുട്ടി യെ തന്നെ അവൾക്ക് സംഭവിച്ച ദുരന്തത്തിൻെറ, ചതിയുടെ അല്ലെങ്കിൽ നെറികേടിൻെറ പ്രധാന കാരണമായി അവതരിപ്പിക്കാൻ അസാമാന്യമായ, അതികഠിനമായ പരിഗണനക്കുറവ് ആവശ്യമാണ്. അവൾ അസമയത്ത് പുറത്തുപോയതെന്തിനെന്നും അവിവാഹിതർ രാത്രിയിൽ ചുറ്റി നടക്കാൻ പാടില്ലെന്നും ഒരു മാന്യ സ്ത്രീയെയും ഇന്ത്യയിൽ ഇന്നുവരെ ആരും ബലാത്സംഗം ചെയ്തിട്ടില്ലെന്നും വക്കീലുമാർ പരസ്യമായി പറയുമ്പോൾ സ്ത്രീയെന്ന നിലയിൽ ഭയം തോന്നിപ്പോകുന്നു.

കോടതിമുറികളിൽ കേസ് ജയിക്കാൻ വേണ്ടി അർധസത്യങ്ങളും അസത്യങ്ങളും വിളിച്ചുപറയുന്നതും എതിർകക്ഷിയെ നിലം പരിശാക്കി കൊലവിളിക്കുന്നതും വക്കീലിൻെറ ജോലിയായിരിക്കാം. എന്നാൽ, കേസ് കോടതിമുറിയിലെത്തും മുമ്പുതന്നെ അതിക്രൂരമായ ബലാത്സംഗത്തിൽ മരണപ്പെട്ട ആ പെൺകുട്ടി ഇനിയും ഇതുപോലെയുള്ള നീച വിചാരണകൾ നേരിടേണ്ടതുണ്ടോ?

സ്ത്രീകളുടെ നേരെയുള്ള എല്ലാ അതിക്രമങ്ങൾക്കും പ്രധാന കാരണമാകുന്നത് നമ്മുടെ ഈ വികല നയമാണ്. ശിക്ഷ ലഭിക്കുകയില്ലെന്ന അമിത വിശ്വാസത്തിനു പുറമേ എന്തക്രമം ചെയ്താലും അതിൻെറ ഉത്തരവാദിത്തം അക്രമം സഹിക്കേണ്ടി വന്ന സ്ത്രീയിൽ തന്നെ എങ്ങനെയെങ്കിലും കെട്ടിവെക്കാൻ കഴിയുമെന്ന ഉത്തമബോധ്യവും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന സവിശേഷ ഘടകമാണ്.

ഈ നയം തിരുത്തിയെഴുതാതെ, ആൺ പെൺ മനസ്സുകളിലെ അതിക്രമത്തിൻെറയും അസഹനത്തിൻെറയും രോഗാതുരതയെ നേരിടാൻ കഴിയില്ല. എത്ര കേമമായ നിയമങ്ങൾ വന്നാലും സ്ത്രീ വാക്കിലും നോക്കിലും ഉടുപ്പിലും നടയിലും പിന്നെ ക്ലോക്കിലും നോക്കി സദാ സൂക്ഷിച്ചു ജീവിക്കണമെന്ന നമ്മുടെ 'സംസ്കാരിക വിശ്വാസം' മാറാത്തിടത്തോളം ഇമ്മാതിരി അപമാനങ്ങൾ മുറിവേറ്റ സ്ത്രീയെ സദാ കുത്തിത്തുളച്ചുകൊണ്ടിരിക്കും.

●

